(സി&ഡി) ലോഡ് ഷെഡ്ഡിംഗ് കൂടാതെ മറ്റൊരു കറന്റ് കട്ട് നടത്താറില്ല. എന്നാൽ അവിചാരിതമായി വരുന്ന അറ്റകുറ്റപ്പണികൾ മൂലവും ജനറേറ്ററുകളുടെയും ലൈനുകളുടെയും ട്രിപ്പിംഗ് മൂലവും ഭാഗികമായി വൈദ്യുതി വിതരണം ചിലയിടങ്ങളിൽ തടസ്സപ്പെടാറുണ്ട്. അറ്റകുറ്റപ്പണികൾക്കു ശേഷം പ്രസ്തുത സ്ഥലങ്ങളിൽ വൈദ്യുതി വിതരണം പുന:സ്ഥാപിക്കാറുണ്ട്.

കടയ്ക്കൽ പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം

116 (284) ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ കടയ്ക്കൽ പഞ്ചായത്തിൽ കൊടിത്തം, കാരയ്ക്കാട് പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഇത് എന്നത്തേയ്ക്ക് നടപ്പിൽ വരുത്താൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. കൊടിത്തം പ്രദേശത്ത് 100 കെ.വി.എ യുടെ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ ജോലികൾ നടന്നു വരികയാണ്. ഈ ജോലി 2000-മാണ്ട് മാർച്ച് മാസത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കണ്ണൂർ ജില്ലയിലെ വഞ്ചിയം മിനി ഹൈഡ്രോ ഇലക്ട്രിക് സ്കീമിന്റെ പ്രവർത്തനം

117 (285) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ വഞ്ചിയം മിനി ഹൈഡ്രോ ഇലക്ട്രിക് സ്കീമിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിന്റെ പ്രവർത്തി സംബന്ധിച്ച് വൈദ്യുതി ബോർഡ് തടസം ഉന്നയിക്കാൻ കാരണം എന്താണ് ;

(സി) വൈദ്യുതി ബോർഡിന്റെ നിർദ്ദേശങ്ങളിൻമേൽ ബഹു:ഹൈക്കോടതി എന്തു നിർദ്ദേശമാണ് നൽകിയിട്ടുള്ളത് ;

(ഡി) ഈ പദ്ധതി കാലവിളംബം ഇല്ലാതെ പൂർത്തിയാക്കാൻ വൈദ്യുതി ബോർഡ് എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പദ്ധതി ഇപ്പോൾ 15% പ്രവർത്തികൾ പൂർത്തിയാക്കി. പണികൾ നിർത്തിവച്ച സ്ഥിതിയിൽ നിൽക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly